(ബി) അവയിൽ ഇപ്പോൾ ഏതെല്ലാം വ്യവസായങ്ങളാണ് നടപ്പിൽ ഇരിക്കുന്നത്; ഓരോന്നിൽനിന്നും ഏതാദായം വീതം കിട്ടിക്കൊണ്ടിരിക്കുന്നു?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഗവൺമെൻറ് മുമതലയിൽ നടത്തുന്ന യാചകകേന്ദ്രങ്ങൾ രണ്ട് ഉണ്ട്. (ഇതു കൂടാതെ ആലപ്പുഴ, കോട്ടയം, നാഗർകോവിൽ എന്നീ സ്ഥലങ്ങളിൽ അതാതു സ്ഥലത്തിലുള്ള നഗരസഭകളുടെ സഹകരണത്തിലും ഗവൺമെൻറ് ധനസഹായത്തോടുകൂടി ഓരോ യാചകകേന്ദ്രങ്ങളുണ്ട്. അഗതിമന്ദിരങ്ങൾ ഉൾപ്പെട്ടതായിട്ടില്ല.)

രാമവർമ്മപുരം	വൃ ദ
പൊന്നരുന്തി	൭൯
പള്ളരുത്തി	വൃ ൭

(ബി) ഈ യാചകകേന്ദ്രങ്ങളിൽ ഇപ്പോൾ വ്യവസായങ്ങൾ ഒന്നും തന്നെ നടത്തുന്നില്ല. എന്നാൽ ഏറണാകുളം, മട്ടാഞ്ചേരി എന്നീ കേന്ദ്രങ്ങളിൽ കയർപിരി തുടങ്ങുന്നതിനു അനുവാദം കൊടുത്തിട്ടുണ്ട്.

സാമ്പത്തിക സമീകരണം

*വൃ ൨൪ (൯൭) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) സംസ്ഥാനത്തു് സാമ്പത്തിക സമീകരണം താമസിയാതെ നടപ്പിൽ വരുത്തണമെന്നു ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അങ്ങനെയെങ്കിൽ ഏതു നടപടിയാണു് ആദ്യമായി സ്വീകരിക്കാൻ പോകുന്നതു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഇല്ല.

(ബി) ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ രണ്ടാമത്തെ ചോദ്യം ഉദിക്കുന്നില്ല.

Questions posted for answer on 26—2—1951

COMPULSORY PRIMARY EDUCATION

*826 [41] **Sri. A. Ramasubramonia Karayalar**: Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:

(*a*) In how many taluks the Government are going to introduce compulsory primary education during the next years:

(*b*) what steps the Government have taken so far?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**:

(*a*) It is proposed to extend the scheme in two more taluks next year.

(*b*) The statistics required for introducing the scheme are being collected.

ശർക്കര വില

*വൃ ൨ ൭ (൯൩) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട സിവിൽ സപ്ലൈസു് വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ശക്കരയുടെ വില നിയന്ത്രിച്ചതോടുകൂടി ശക്കര മുഴുവനും അണ്ടർ ഗ്രൗണ്ടിൽ പോയി എന്നും പൊതുജനങ്ങൾക്കു് നിയന്ത്രിത വിലയ്ക്കു് തീരെ കിട്ടുന്നില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഇത്രയും കാലമായിട്ടു് ഇതിനൊരു നിവാരണമുണ്ടാക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശക്കരക്കു് ഇപ്പോൾ ക്ഷാമം ഉണ്ടെന്നു് ഗവണ്മെണ്ടിനു് അറിയാം.

(ബി) ശക്കര നിയന്ത്രണം ഇന്ത്യയെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമാണു്. അതേസംബന്ധിച്ചു് ഈ ഗവണ്മെണ്ടും ഇന്ത്യാഗവണ്മെണ്ടും തമ്മിൽ ആലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

ടാൻസ്റ്റോട്ടു് ജീവനക്കാരുടെ ബോണസ്സു്

*വൃ ചോ വൃ (൫൦) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടാൻസ്റ്റോട്ടു് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ടാൻസ്റ്റോട്ടു് ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർക്കു് ഫൻ ൫൦ ആഗസ്റ്റു് മാസത്തിൽ കൊടുത്ത ബോണസ്സു് എത്ര കൊല്ലത്തേതാണെന്നും അതു് ആകെ വരുമാനത്തിൻറെ എത്ര ശതമാനമാണെന്നും പറയുമോ.—

(ബി) ടി—ഡിപ്പാർട്ടുമെൻറിലെ വരുമാനം തിട്ടപ്പെടുത്തുന്നതിനു് ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നോ? നിയമിച്ചിരുന്നുവെങ്കിൽ ആ ഉദ്യോഗസ്ഥൻ ആരാണെന്നു പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഫ ഫ ഫ-ാമാണ്ടത്തെ ബോണസ്സു് ആണു് ഫൻ ൫൦ ആഗസ്റ്റു്മാസത്തിൽ കൊടുത്തതു്. അതു് ആകെ വരുമാനത്തിൻറെ ഫ·൩൭ ശതമാനമാണു്. അറാദായത്തിൻറെ ൭൯ ശതമാനവുമാണു്.

(ബി) ഇല്ല.

NEW WORKS UNDER THE P.W.D.

*829. [53] **Sri. A. K. George:** Will the Hon'ble Minister for Works and Communications be pleased to state:

(*a*) the amount of money already spent from 1950—51 budget for new works under the P.W.D. till the end of January 1951 and the probable amount that may lapse.

Chief Minister **(Sri. C. Kesavan):**

(*a*) Rs. 14,91,044. It is expected that no amount will lapse.

NEW EDUCATIONAL SCHEME

*830. [54] **Sri. Eapen Arackal:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:

(*a*) whether the new Educational scheme relating to private secondary schools is intended to be a compulsory one for all private secondary schools in the State;

(*b*) was this scheme introduced by the Government to meet the demands of and the situation created by the strike of the private secondary school teachers in the matter of their salaries;

LIBRARY ARCHIVES Kerala Legislative Assembly